Draft #1 of File 28516/AC B6/1/2019/AC B 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 27-Jul-2019 02:40 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അഫിലിയേറ്റഡ് ആർട്സ് & സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഏകജാലക പ്രവേശനം - ഏകജാലക പ്രവേശനപ്രക്രിയ അവസാനിച്ചതിനുശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് സർവ്വകലാശാല പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരം പ്രവേശനം നടത്തുന്നതിന് കോളേജ് അധികൃതരെ അനുവദിക്കുന്നത് - പ്രവേശന മാനദണ്ഡങ്ങൾ നിജപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് ബി 6 സെക്ഷൻ**

നമ്പർ. 3594/AC B 6/2019/എം.ജി.യു　　　　　പ്രിയദർശിനി ഹിൽസ്,തീയതി: 27.07.2019

---

പരാമർശം:-വൈസ് ചാൻസിലറുടെ 27.07.2019 ലെ ഉത്തരവ്

**ഉത്തരവ്**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഏകജാലക പ്രവേശനം അവസാനിച്ചതിനുശേഷം ഒഴിവുള്ള മെറിറ്റ് സീറ്റുകളിലേക്ക് സർവ്വകലാശാല പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരം പ്രവേശനം നടത്തുന്നതിന് കോളേജ് അധികൃതരെ അനുവദിച്ചുകൊണ്ട് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

നിലവിൽ ഏതെങ്കിലും ക്വോട്ടയിൽ സ്ഥിരപ്രവേശനം നേടിയവർ വീണ്ടും ഓൺലൈൻ രജിസ്ട്രേഷൻ നടത്താൻ പാടുള്ളതല്ല. ഇതിന് വിരുദ്ധമായി പ്രവേശനം നേടിയാൽ അവർക്ക് പ്രവേശനം നൽകുവാൻ പാടുള്ളതല്ല.

1. ഒഴിവുള്ള സീറ്റുകളിലേക്ക് കോളേജുകളിൽ പ്രവേശനം നടത്തുന്നതിനായി താഴെപ്പറയുന്ന ഷെഡ്യൂൾ കർശനമായും പാലിക്കേണ്ടതാണ്.

| ക്രമ നം | ഇനം | തീയതി |
|---|---|---|
| 1 | ക്യാപ്പ് വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട തീയതി | 30/07/2019– 01/08/2019 |
| 2 | റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | 02/08/2019 |
| 3 | പ്രവേശനം നേടേണ്ട തീയതി | 02/08/2019– 05/08/2019 |
| 4 | പ്രവേശനം പൂർത്തീകരിക്കേണ്ട തീയതി | 05/08/2019 |

2. സർവ്വകലാശാലയുടെ ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ അപ്ലോഡ് ചെയ്ത റാങ്ക് ലിസ്റ്റിൽ നിന്നു മാത്രമേ പ്രവേശനം നടത്തുന്നതിന് സാധിക്കുകയുള്ളൂ.
3. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് പ്രവേശനം സംബന്ധിച്ച അറിയിപ്പ് അതാത് കോളേജുകൾ നൽകേണ്ടതും പ്രവേശനത്തിനായി അപേക്ഷകൻ എത്തിച്ചേരേണ്ട സമയം മുൻകൂട്ടി അപേക്ഷകരെ അറിയിക്കേണ്ടതുമാണ്. ഇത്തരത്തിൽ അപേക്ഷകന് അനുവദിച്ച സമയത്തിനകം ടിയാൾ പ്രവേശനത്തിനു എത്തിച്ചേർന്നില്ലായെങ്കിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അടുത്ത റാങ്ക്കാരനെ പരിഗണിക്കാവുന്നതാണ്.
4. റാങ്ക് ലിസ്റ്റിലെ ക്രമം മറികടന്നു യാതൊരു കാരണവശാലും താഴെ റാങ്കിലുള്ളവർക്ക് പ്രവേശനം നൽകാൻ പാടുള്ളതല്ല. മേൽ റാങ്കിലുള്ളവർ യഥാസമയം പ്രവേശനത്തിനു ഹാജരാവാതിരിക്കുകയോ, മറ്റൊരു കോളേജിൽ പ്രവേശനം നേടുകയോ, അപേക്ഷകനു നിശ്ചിത യോഗ്യത ഇല്ലാതിരിക്കുകയോ, അപേക്ഷകൻ അപേക്ഷയിൽ നൽകിയിരിക്കുന്ന മാർക്കിൽ വ്യത്യാസം ഉണ്ടാവുകയോ ചെയ്യുന്ന സാഹചര്യത്തിൽ മാത്രമേ റാങ്ക് ലിസ്റ്റിലെ ക്രമം മറികടന്നു പ്രവേശനം നൽകാൻ പാടുള്ളൂ. ഇത്തരത്തിൽ നൽകുന്ന പ്രവേശനം സംബന്ധിച്ച രജിസ്റ്റർ കോളേജുകളിൽ സൂക്ഷിക്കേണ്ടതാണ്.
5. മെറിറ്റ്/സംവരണ സീറ്റുകളിലേക്കാണ് പ്രവേശനം നടത്തുന്നതെന്നതിനാൽ സർവ്വകലാശാല നിഷ്കർഷിച്ചിരിക്കുന്ന ഫീസിൽ കൂടുതൽ ഫീസ് ഈടാക്കാൻ പാടുള്ളതല്ല. പ്രവേശനം/ഫീസ് സംബന്ധിച്ച് ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുകയോ പരാതികളിൽ അന്വേഷണം നടത്തി ക്രമക്കേട് കണ്ടെത്തുകയോ ചെയ്യുന്ന പക്ഷം നിയമാനുസൃതമായ ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതാണ്.
6. പ്രവേശനം സംബന്ധമായ വിവരങ്ങൾ പ്രവേശനം നടത്തുന്ന സമയത്ത് തന്നെ ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈൻ അഡ്മിഷൻ പോർട്ടൽ 05/08/2019 11.59 പി എം നു തന്നെ ക്ലോസ് ചെയ്യുന്നതും അതിനു മുൻപായി കോളേജിൽ പ്രവേശനം ലഭിച്ച എല്ലാ വിദ്യാർത്ഥികളുടെയും വിവരങ്ങൾ അപ്ലോഡ് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതും കോളേജ് പ്രിൻസിപ്പൽമാർ ഇക്കാര്യത്തിൽ വ്യക്തിപരമായ ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്. പിന്നീട് യാതൊരു കാരണവശാലും ഓൺലൈൻ അഡ്മിഷൻ പോർട്ടൽ തുറക്കുന്നതുമായിരിക്കില്ല.
7. ഇതോടൊപ്പം മാനേജ്മെന്റ്/കമ്മ്യൂണിറ്റി ക്വോട്ടാകളിലേക്കുള്ള പ്രവേശനം 05/08/2019 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രിൻസിപ്പൽമാർക്ക്

Draft #1 of File 28516/AC B6/1/2019/AC B 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 27-Jul-2019 02:40 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

2. വി സി/ പി വി സി യുടെ പി എസ് മാർ

3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളറുടെ പി എ മാർ

4. ജോയിന്റ് രജിസ്ട്രാർ 1/2 (ഭരണം)

5. ഡെപ്യൂട്ടി രജിസ്ട്രാർ 1/2/3 (അക്കാദമിക്)

6. അസിസ്റ്റന്റ് രജിസ്ട്രാർ 1/2/3/4 (അക്കാദമിക്)

7. എ സി എ 1/7/8 വകുപ്പുകൾ

8. കണ്ടൻറ് മാനേജ്മന്റ്/ പി ആർ ഒ /തപാൽ

Draft #1 of File 28516/AC B6/1/2019/AC B 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 27-Jul-2019 02:40 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം